# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4374** | 25.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്കുസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ചരക്കുസേവന നികുതി കേരളത്തിന് ഗുണം ചെയ്യുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (എ) | പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷുറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ സേവന നികുതി വിഹിതം സംസ്ഥാനത്തിന് ലഭിക്കും. ഇതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.<br>പരോക്ഷനികുതി സംബന്ധിച്ച് നിലവിൽ മൂല്യവർദ്ധിതനികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി സർച്ചാർജ്ജ്, സെസ്സ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി ഈടാക്കുന്നതല്ലാത്ത വിനോദ നികുതി എന്നിവ സംസ്ഥാനമാണ് ഈടാക്കുന്നത്. എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ |

| | | | |
|---|---|---|---|
| | | | കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർചാർജ്, സെസ്സ് എന്നിവ കേന്ദ്ര സർക്കാരും ഈടാക്കുന്നു. ജി.എസ്.ടി നടപ്പാകുമ്പോൾ ഇവയെല്ലാം ജി.എസ്.ടി.യിൽ ലയിക്കുന്നതാണ്. ജി.എസ്.ടി. യിൽ സംസ്ഥാനത്തിനും കേന്ദ്രത്തിനും ഒരേ സമയം നികുതി ഈടാക്കുവാൻ സാധിക്കും. ഈ സംവിധാനത്തിൽ എല്ലാ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേലും (taxable supplies) കേന്ദ്രം സി.ജി.എസ്.ടി.യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി ആണ് ചുമത്തുന്നത്. ഇത് കേന്ദ്ര സർക്കാരാണ് ഈടാക്കുന്നത്. ചരക്ക് സേവന നികുതി destination based ആകയാൽ കേരളത്തിന് ഗുണകരമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. |
| (ബി) | കേരളത്തെ എപ്രകാരമെല്ലാമാണ് ഇത് പ്രതികൂലമായി ബാധിക്കുന്നത്; ആയത് മറികടക്കുന്നതിന് സംസ്ഥാനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ കഴിയുന്നത്; വിശദവിവരം നൽകുമോ? | (ബി) | ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Services Tax Council ന്റെ ശുപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി. എസ്. ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. കൂടാതെ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വിലക്കുറവ് ഉപഭോക്താവിന് ലഭിക്കത്തക്ക |

| | | | |
|---|---|---|---|
| | | | വിധത്തിൽ ഒരു ഫോർമുല ജി.എസ്.ടി കൗൺസിൽ രൂപപ്പെടുത്തിയെടുക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമെ ഒന്നര കോടി രൂപ വരെ turn over ഉള്ള ചെറുകിടക്കാരായ വ്യാപാരികൾക്കായി സംസ്ഥാന ജി.എസ്.ടി. യുടേയും കേന്ദ്ര ജി.എസ്.ടി. യുടേയും ഭരണ നിർവ്വഹണം ഒരൊറ്റ നികുതി അധികാരി തന്നെ നടത്തണമെന്നും സംസ്ഥാനം ആവശ്യമുന്നയിച്ചിട്ടുണ്ട്. കൂടാതെ വ്യാപാരിയിൽ നിന്ന് ഉപഭോക്താവിലേക്കുള്ള അന്തർ സംസ്ഥാന ഇടപാടുകളിന്മേലുള്ള വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് divisible pool ൽ ഉൾപ്പെടുത്തി ലഭ്യമാക്കണമെന്നും, IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**